ദേശാഭിമാനി

25 November 2023

# കടൽച്ചൊറി ശല്യമല്ല, സാധ്യതകളേറെ

**കൊച്ചി**

ഒരിക്കൽ ശല്യമായിക്കണ്ട് അകറ്റിയിരുന്ന ജെല്ലിഫിഷ് (കടൽച്ചൊറി) കയറ്റുമതിരംഗത്ത് ഏറെ സാധ്യതകളുള്ളതും മത്സ്യത്തൊഴിലാളികളുടെ വരുമാനം കൂട്ടാൻ സഹായിക്കുന്നതുമാണെന്ന് വിലയിരുത്തൽ. ആഗോളവിപണിയിൽ കടൽച്ചൊറി വിഭവങ്ങൾക്ക് ആവശ്യകത കൂടിവരുന്നത് കണക്കിലെടുത്ത് മികച്ച പരിപാലനരീതികൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. കോവളത്ത് നടക്കുന്ന രാജ്യാന്തര സിംപോസിയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സിഎംഎഫ്ആർഐയുമായി ചേർന്ന് കേരള സർവകലാശാലയാണ് സിംപോസിയം സംഘടിപ്പിക്കുന്നത്. 2022–23ൽ 13.12 കോടി രൂപയുടെ ജെല്ലിഫിഷാണ് ഇന്ത്യയിൽനിന്ന് കയറ്റുമതി നടത്തിയത്. ആഗോളതലത്തിൽ ഉൽപ്പാദനത്തിന്റെ 60 ശതമാനവും ചൈനയിലാണ്. ഇവ പിടിക്കുന്നതിലും സംസ്കരണത്തിലും ഗുണനിലവാരത്തോടെ വിപണനം നടത്തുന്നതിലും വേണ്ടത്ര അറിവില്ലാത്ത അവസ്ഥയാണ്. ഇതിൽ മാറ്റംവരണമെന്നും സിംപോസിയത്തിൽ സംസാരിച്ചവർ പറഞ്ഞു. സിഎംഎഫ്ആർഐയിൽ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. മിറിയം പോൾ ശ്രീറാം, ഡോ. എ ബിജുകുമാർ, ക്രിഷൻ കരുണരത്നെ, ഡോ. ശരവണൻ രാജു എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.